കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# മുതുവല്ലൂർ ഗ്രാമ പഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട്

## 2017-18

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

നം.കെ.എസ്.എ.എം.പി.എം9/2421/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
തീയതി 24/10/2018

ഡെപ്യൂട്ടി ഡയറക്ടർ,
മലപ്പുറം

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മുതുവല്ലൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : മുതുവല്ലൂർ ഗ്രാമപഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്
***************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുതുവല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് ഓൺലൈനായി (http://aims.ksad.kerala.gov.in/esubmission) അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.

3)പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, മലപ്പുറം.
4)കാര്യാലയ പകർപ്പ്.

എബികെ

നം. കെ.എസ്.എ.എം.പി.എം9/2421/2018 തിയ്യതി: 24/10/2018

## മലപ്പുറം ജില്ലയിലെ മൂതുവല്ലൂർ ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

മലപ്പുറം ജില്ലയിലെ മൂതുവല്ലൂർ ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 14.07.2017 മുതൽ 24.09.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

---------------------------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. എ എസ് ഷാജഹാൻ, ഡെപ്യൂട്ടി ഡയറക്ടർ

---------------------------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം : 25-09-2018 മുതൽ 06-10-2018 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ. അബ്ദുള്ള. എ സി | ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്) |
| ശ്രീ. മുഹമ്മദ് ഫസലുറഹ്മാൻ. എം | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. അബ്ദുസ്സലാം. പി | ഓഡിറ്റർ |
| ശ്രീ. മുഹമ്മദ് നൗഷാദ് എ.കെ | ഓഡിറ്റർ |

നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീ. കെ. അഹമ്മദ് സഗീർ | 01.04.2017 മുതൽ 31.03.2018വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീ. അബ്ദുൽ സലാം. വി | 01.04.2017 മുതൽ 13.05.2017 വരെ |
| ശ്രീമതി. ജയന്തി ഗോപാലകൃഷ്ണൻ,അസി.സെക്രട്ടറി(ഇൻ ചാർജ്) | 14.05.2017 മുതൽ 14.06.2017 വരെ |
| ശ്രീ. ശ്രീനിവാസൻ കുന്നത്ത് | 15.06.2017 മുതൽ 05.01.2018 വരെ |
| ശ്രീമതി. ജയന്തി ഗോപാലകൃഷ്ണൻ,അസി.സെക്രട്ടറി(ഇൻ ചാർജ്) | 06.01.2018 മുതൽ 18.01.2018 വരെ |
| ശ്രീ. പ്രദീപൻ പി.കെ | 19.01.2018 മുതൽ 31.03.2018 വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| സെക്രട്ടറി | ശ്രീ. അബ്ദുൽ സലാം. വി | 01.04.2017 മുതൽ 13.05.2017 വരെ |
| | ശ്രീമതി. ജയന്തി ഗോപാലകൃഷ്ണൻ, അസി.സെക്രട്ടറി(ഇൻ ചാർജ്) | 14.05.2017 മുതൽ 14.06.2017 വരെ |
| | ശ്രീ. ശ്രീനിവാസൻ കുന്നത്ത് | 15.06.2017 മുതൽ 05.01.2018 വരെ |
| | ശ്രീമതി. ജയന്തി ഗോപാലകൃഷ്ണൻ,അസി.സെക്രട്ടറി(ഇൻ ചാർജ്) | 06.01.2018 മുതൽ 18.01.2018 വരെ |
| | ശ്രീ. പ്രദീപൻ പി.കെ | 19.01.2018 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി. ജയന്തി ഗോപാലകൃഷ്ണൻ | 01.04.2017മുതൽ 23.01.2018 വരെ |
| | ശ്രീ. പ്രദീപൻ പി.കെ, സെക്രട്ടറി(അഡീഷണൽ ചാർജ്) | 24.01.2018 മുതൽ 11.03.2018 വരെ |
| | ശ്രീമതി.അഞ്ജന ദീപ്തി കെ.ആർ | 12.03.2018 മുതൽ 31.03.2018 വരെ |
| അസി. എഞ്ചിനിയർ | ശ്രീമതി.അർച്ചന സി.ജെ | 01.04.2017 മുതൽ 31.03.2018 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. സുമേഷ് വളരാടൻ | 01.04.2017 മുതൽ 31.03.2018 വരെ |
| കൃഷി ഓഫീസർ | ശ്രീമതി. സൈഫുന്നീസ ടി.കെ | 01.04.2017 മുതൽ 31.03.2018 വരെ |
| വെറ്ററിനറി സർജൻ | ഡോ. ജിനി ജോർജ് | 01.04.2017 മുതൽ 05.06.2017 വരെ |
| | ഡോ.കെ.എസ് കണ്ണൻ | 06.06.2017 മുതൽ 18.07.2017 വരെ |
| | ഡോ.അനിജ് കെ | 19.07.2017 മുതൽ 31.03.2018 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. ബാസിമ. പി | 01.04.2017 മുതൽ 31.03.2018 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ. ഷൗക്കത്തലി | 01.04.2017 മുതൽ 31.03.2018വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ. സ്വാബിർ നാലകത്ത് | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. അബ്ദുൽ റഫീഖ്. ഒ.പി | 01.04.2017 മുതൽ 31.03.2018 വരെ |

## ഉള്ളടക്കം

| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|

| | | | |
|---|---|---|---|
| ഭാഗം I<br>ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം | | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 | |
| 4 | സാമ്പത്തിക വിശകലനം(റസീപ്റ്റ്&പേയ്മെന്റ് പ്രകാരം) | 1-4 | |
| 5 | ഫണ്ട് വിനിയോഗം(ACR പ്രകാരം) | 1-5 | |
| 6 | പദ്ധതി അവലോകനം | 1-6 | |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 | |
| ഭാഗം II<br>വരവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | | |
| 13 | റേഷൻകടകൾ പഞ്ചായത്തിന്റെ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു. | 2-1 | |
| 14 | വസ്തു നികുതി കുറവായി ഈടാക്കി | 2-2 | |
| 15 | ഇ. ടെണ്ടർ - ടെണ്ടർ ഫോറം വില പഞ്ചായത്തിൽ അടച്ചില്ല | 2-3 | |
| ഭാഗം III<br>ചെലവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | | |
| 16 | വിവിധ പ്രൊജക്ടുകളുടെ ടെണ്ടർ - തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ് | 3-1 | |
| 17 | എസ്.സി വിവാഹധനസഹായം - അർഹമായതിലും അധിക തുക അനുവദിച്ചു | 3-2 | |
| 18 | മരുന്നുകൾ ലഭ്യമാക്കൽ - പുരോഗതി വിവരം അറിയിക്കേണ്ടതാണ് | 3-3 | |
| 19 | പൊതു മരാമത്ത് പ്രവൃത്തികൾ; അവലോകനം | 3-4 | |
| 20 | പി.എച്ച്.സി കെട്ടിടം ഉപയോഗപ്പെടുത്തുന്നില്ല- പാഴ്ച്ചെലവ്. | 3-5 | |
| 21 | ഇ-ടെണ്ടർ പ്രവൃത്തികൾ- ₹ 20.81 ലക്ഷം ലാഭം | 3-6 | |
| 22 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 3-7 | |
| ഭാഗം IV<br>ഓഡിറ്റ് പ്രത്യവലോകനം | | | |
| 23 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 24 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 25 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 26 | വായ്പ /വായ്പ തിരിച്ചടവ് | 4-4 | |
| 27 | സ്ഥിര നിക്ഷേപങ്ങൾ | 4-5 | |
| 28 | ഓഡിറ്റ് റിക്കവറി | 4-6 | |
| 29 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 30 | ചാർജ്ജ്/സർച്ചാർജ്ജ് നടപടികളുടെ വിവരം | 4-8 | |

| | | | |
|---|---|---|---|
| 31 | ഓഡിറ്റ് പ്രത്യവലോകനം | 4-9 | |
| 32 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 | |
| അനുബന്ധം | | | |
| 33 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1 | |
| 34 | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട് | 2 | |
| 35 | റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട് | 3 | |
| 36 | ബാലൻസ് ഷീറ്റ് | 4 | |



# ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

| | |
|---|---|
| 2017-18 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നം./തിയ്യതി | 01/21-03-2017 |
| പുതുക്കിയ ബജറ്റ് തീരുമാന നം./തിയ്യതി | 01/26-03-2018 |

### 1-2 വാർഷിക ധനകാര്യപത്രിക.

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 31.07.2018 | 24.05.2018 |

### 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 20.06.18 മുതൽ 23.06.18 വരെ | കെ.എസ്.എ.എം.പി.എം 9/1322 /18/3.8.2018 |

### 1-4 സാമ്പത്തിക വിശകലനം(റസീപ്റ്റ് & പേയ്മെൻറ് പ്രകാരം

| | |
|---|---|
| മുന്നിരിപ്പ് | 7424685 |
| വരവ് | 70534260 |
| ആകെ | 77958945 |
| ചെലവ് | 73988479 |
| നീക്കിബാക്കി | 3970466 |

### 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 11785105 | 11785105 | 9656612 | 2128493 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 6749875 | 6749875 | 6394278 | 355597 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 8996 | 8996 | 0 | 8996 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 10874161 | 10874161 | 8989838 | 1884323 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 2591000 | 2591000 | 1450360 | 1140640 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 6505626 | 6505626 | 6465359 | 40267 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | 0 | 28088875 | 28088875 | 22040079 | 6048796 |

| | | | | | |
|---|---|---|---|---|---|
| എസ്.ബി.ടി ഇ-പേയ്മെന്റ് | 7195 | 36670 | 43865 | 0 | 43865 |
| KGB-ടി.എസ്.സി | 94910 | 243887 | 338797 | 157118 | 181679 |
| KGB-എസ്.എസ്.എ | 469621 | 19015 | 488636 | 118 | 488518 |
| ട്രഷറി ടി.എസ്.ബി. (ജനറൽ പർപ്പസ്) | 1230355 | 6726262 | 7956617 | 8208529 | (-)251912 |
| KGB-എൻ.ആർ.ഇ.ജി.എസ് | 27753 | 20839662 | 20867415 | 20843017 | 24398 |
| ബി ഫണ്ട് | 0 | 34481640 | 34481640 | 34481640 | 0 |
| തനത് ഫണ്ട് ബാങ്ക് | 5506692 | 5822436 | 11329128 | 7854002 | 3475126 |
| ക്യാഷ് | 0 | 0 | 0 | 0 | 0 |
| മറ്റിനം | 0 | 0 | 0 | 0 | 0 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 239 | 83873968 | 179 | 59731283 | 6 | 60 | 74.89 |

പാതി വഴിയിൽ ഉപേക്ഷിച്ച് പാഴ്ച്ചെലവായ പദ്ധതികൾ

ഇല്ല

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവ് | 27753 | 1107906 | 1135659 | 1111261 | 24398 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 19731756 | 19731756 | 19731756 | 0 |
| ആകെ | 27753 | 20839662 | 20867415 | 20843017 | 24398 |

കുറിപ്പ്:- വാർഷിക കണക്കിലെ NREGS വരവ് തുകയും (20838467) സാക്ഷ്യപ്പെടുത്തി നൽകിയ രേഖകൾ പ്രകാരമുള്ള NREGS വരവ് തുകയും (20839662) തമ്മിൽ 1195 രൂപയുടെ വ്യത്യാസം ഉണ്ട്.

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 156840 | 262 |
| കർഷകതൊഴിലാളിപെൻഷൻ | 4807700 | 422 |
| വിധവാപെൻഷൻ | 10279900 | 867 |
| വാർദ്ധക്യകാലപെൻഷൻ | 15205300 | 1219 |
| വികലാംഗപെൻഷൻ | 3427300 | 288 |
| വിവാഹധനസഹായം | 360000 | 12 |
| 50 വയസിനുമുകളിലുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 240600 | 20 |

## 1-9 ക്യാഷ് പരിശോധന

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.09.2018 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി.പരിശോധനയിൽ 18396/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം(ഓഡിറ്റ് മാന്വൽ പാർട്ട് I അനുബന്ധം ബി)

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. തെരുവ് വിളക്കുകളുടെ ആസ്തി രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

2. വാട്ടർ ടാപ്പുകളുടെ വിവരം സംബന്ധിച്ച രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

3. പ്രതിമാസ റി കൺസിലിയേഷൻ പത്രിക അതാത് മാസം തന്നെ തയ്യാറാക്കുന്നില്ല. ഇക്കാരണത്താൽ തന്നെ ബാങ്ക് നേരിട്ട് അക്കൗണ്ടിൽ വരവ് വെക്കുന്നതും അക്കൗണ്ടിൽ നിന്ന് പിൻവലിക്കുന്നതുമായ തുകകൾ യഥാസമയം അക്കൗണ്ട് ചെയ്യപ്പെടുന്നില്ല.
4. ബാലൻസ് ഷീറ്റ് പ്രകാരം സ്ഥാപനത്തിന്റെ ആസ്തിയായി കാണിച്ച തുകകളുടെ കൃത്യത ആസ്തി രജിസ്റ്ററുമായി ഒത്തുനോക്കാൻ സാധിക്കുന്നില്ല(വാർഷിക സംക്ഷിപ്തം തയ്യാറാക്കാത്തിനാൽ). ആസ്തികളുടെ തേയ്മാനം സംബന്ധിച്ച വിവരങ്ങൾ ചേർത്ത് രജിസ്റ്റർ കാലികമാക്കുന്നില്ല.
5. ഓഡിറ്റിന് സമർപ്പിച്ച വാർഷിക കണക്കിൽ അടിസ്ഥാന അനുപാതങ്ങൾ ( റേഷ്യോസ് ) , അക്കൗണ്ടിംഗ് കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20.08.2018 | 01.06.2018 മുതൽ 31.07.2018 വരെ | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| എ.ജി ഓഡിറ്റ് | 29.12.2016 | 2011-12 മുതൽ 2015-16 വരെ | 27.02.2017 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

കെ.എസ്.എ.എം.പി.എം 9/1322/18/3.8.2018 നമ്പർ ഓഡിറ്റ് സർട്ടിഫിക്കറ്റിൽ പരാമർശിച്ച വാർഷികകണക്കുകളിലെ ചുവടെ ചേർത്ത അപാകതകൾ ഇനിയും പരിഹരിച്ചിട്ടില്ല.
1.പ്രതിമാസ റി കൺസിലിയേഷൻ പത്രിക അതാത് മാസം തന്നെ തയ്യാറാക്കുന്നില്ല. ഇക്കാരണത്താൽ തന്നെ ബാങ്ക് നേരിട്ട് അക്കൗണ്ടിൽ വരവ് വെക്കുന്നതും അക്കൗണ്ടിൽ നിന്ന് പിൻവലിക്കുന്നതുമായ തുകകൾ യഥാസമയം അക്കൗണ്ട് ചെയ്യപ്പെടുന്നില്ല.

2.ബാലൻസ് ഷീറ്റ് പ്രകാരം സ്ഥാപനത്തിന്റെ ആസ്തിയായി കാണിച്ച തുകകളുടെ കൃത്യത ആസ്തി രജിസ്റ്ററുമായി ഒത്തുനോക്കാൻ സാധിക്കുന്നില്ല(വാർഷിക സംക്ഷിപ്തം തയ്യാറാക്കാത്തിനാൽ). ആസ്തികളുടെ തേയ്മാനം സംബന്ധിച്ച വിവരങ്ങൾ ചേർത്ത് രജിസ്റ്റർ കാലികമാക്കുന്നില്ല.

3.ഓഡിറ്റിന് സമർപ്പിച്ച വാർഷിക കണക്കിൽ അടിസ്ഥാന അനുപാതങ്ങൾ ( റേഷ്യോസ്), അക്കൗണ്ടിംഗ് കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 റേഷൻകടകൾ പഞ്ചായത്തിന്റെ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു.

1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക I ക്രമ നമ്പർ 149 പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോ, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ മുതലായവയിൽ നിന്ന് ലൈസൻസ് നൽകി ഫീസ് ഈടാക്കുവാൻ ഗ്രാമപഞ്ചായത്തിന് അധികാരമുണ്ട്.എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ നാളിതുവരെ ലൈസൻസ് എടുത്തിട്ടില്ല. ലൈസൻസ് രജിസ്റ്ററിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളെ സംബന്ധിച്ചുള്ള

യാതൊരു വിവരവും ഉൾപ്പെടുത്തിയിട്ടില്ല. മാത്രമല്ല റേഷൻ കടകളിൽ നിന്നും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതിയും (സ്ഥാപനത്തിന്റേയും ജീവനക്കാരുടേയും) ഈടാക്കിയിട്ടില്ല.

അപാകതകൾ ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.12/06-10-18 ന് പഞ്ചായത്ത് ലഭ്യമാക്കിയ മറുപടിയിൽ ഗ്രാമപഞ്ചായത്ത് പരിധിയിലെ എല്ലാ റേഷൻ കടകളുടെയും വിലാസം ഉൾപ്പടെയുള്ള വിവരങ്ങൾ ലഭ്യമാക്കണമെന്നും റേഷൻ കടകളോട് ഗ്രാമപഞ്ചായത്ത് ലൈസൻസ് എടുക്കുന്നതിന് നിർദേശിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് താലൂക്ക് സപ്ലൈ ഓഫീസർക്ക് കത്ത് നൽകിയതായും ആയത് ലഭിക്കുന്ന മുറക്ക് 2018-19 മുതൽ തന്നെ ലൈസൻസ് നൽകി ഫീസും തൊഴിൽ നികുതിയും ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## 2-2 <u>വസ്തു നികുതി കുറവായി ഈടാക്കി</u>

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങൾ, മുതുവല്ലൂർ ഗ്രാമ പഞ്ചായത്തിന്റെ 19-12-2011 ലെ ഡി 4821/11 നമ്പർ വസ്തു നികുതി പരിഷ്കരണം സംബന്ധിച്ച അന്തിമ വിജ്ഞാപനം എന്നിവ പ്രകാരം വസ്തു നികുതി നിശ്ചയിക്കുമ്പോൾ 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള വഴി സൗകര്യമുള്ള കെട്ടിടത്തിന് അടിസ്ഥാന വസ്തു നികുതിയുടെ 20% നികുതി വർധനയും ദ്വിതീയ മേഖലകളിലുൾപെട്ട കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തു നികുതിയുടെ 10% നികുതി കുറവും ചെയ്യാവുന്നതാണ്, എന്നാൽ പ്രഥമ മേഖലകളിലുൾപെട്ട കെട്ടിടങ്ങൾക്ക് നികുതി കുറവ് അനുവദിക്കാൻ പാടില്ല.
വിജ്ഞാപന പ്രകാരമുള്ള നികുതി നിരക്കുകൾ ചുവടെ ചേർക്കുന്നു.

പാർപ്പിടം – 3/- രൂപ/ച.മീ.

ലോഡ്ജ് – 20/- രൂപ/ച.മീ.

വാണിജ്യം – 100 $m^2$ വരെ 30/- രൂപ/ച.മീ., 100 $m^2$ ന മുകളിൽ 50/- രൂപ/ച.മീ.

ചുവടെ ചേർത്ത അപേക്ഷകരിൽ നിന്ന് വസ്തു നികുതി നിശ്ചയിച്ച് ഈടാക്കിയപ്പോൾ വിജ്ഞാപന പ്രകാരമുള്ള പ്രഥമ മേഖലകളിലുൾപെട്ട ചില കെട്ടിടങ്ങളെ ദ്വിതീയ മേഖലകളിലുൾപെടുത്തി 10% നികുതി കുറവ് നൽകിയതിനാലും ചില കെട്ടിടങ്ങൾക്ക് വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള 20% വർധനവ് കണക്കിലെടുക്കാത്തതിനാലും വസ്തു നികുതി ഇനത്തിൽ പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമനം | കെട്ടിട ഉടമയുടെ പേര്/അനുവദിച്ച നമ്പർ | കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം/ തരം | ഈടാക്കിയ തുക , രസീത് നമ്പർ/ തിയ്യതി | | ഈടാക്കേണ്ടിയിരുന്ന തുക | | കുറവ് വന്ന തുക | | കുറിപ്പ്/അപാകത |
|---|---|---|---|---|---|---|---|---|---|
| | | | നികുതി | ഗ്രന്ഥശാല വരി | നികുതി | ഗ്രന്ഥശാല വരി (5%) | നികുതി | ഗ്രന്ഥശാല വരി | |
| 1 | ശ്രീ.മംഗലശ്ശേരി അബ്ദുൽ സലാം, 3/369A | 276.9 $m^2$ പാർപ്പിടം | 748/-, 117020102797/4-12-17 | 38 | 997/- (276.9 x 3= 830.7 + 20% = 997/- | 50 | 249 | 12 | പ്രഥമ മേഖല:(കിഴിശ്ശേരി-പോത്തട്ടിപ്പാറ-ഓമാനൂർ റോഡിന്റെ 100 മീറ്റർ പരിധിയിൽ), ദ്വിതീയ മേഖലയിലുൾപെടുത്തി 10% നികുതി കുറവ് നൽകി,<br>വഴി സൗകര്യം-20% വർധനവ് ചെയ്തില്ല |
| 2 | ശ്രീ. മുഹമ്മദ് റാഫി<br>11/296A | 175.15 $m^2$ പാർപ്പിടം | 477/-, 117020102306/7-11-17 | 25 | 578 (175.15 x 3 =525.45 +20% -10% (ദ്വിതീയ മേഖല) | 29 | 101 | 4 | പ്ലാൻ,,വിജ്ഞാപനം എന്നിവ പ്രകാരം 5 മീറ്ററിൽ കൂടുതൽ വീതിയുള്ള വഴി സൗകര്യം - (കിഴിശ്ശേരി-മാനീരി റോഡ്) 20% വർധന ചെയ്തില്ല |
| 3 | ശ്രീ.ഇല്ലിയൻ മുഹമ്മദ്, 7/112A | 75.83 $m^2$ വാണിജ്യം | 2291/-, 117020102547/21-11-17 | 115 | 2502 (75.83 x 30= 2775 +20% -10%)(മേൽക്കൂര) | 125 | 211 | 10 | വിജ്ഞാപന പ്രകാരം പ്രഥമ മേഖലകളിലുൾപെടുന്ന |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 4 | ശ്രീ.ഇല്ലിയൻ മുഹമ്മദ്, 7/111A | 108.75 $m^2$പാർപ്പിടം | 359/-, 117020101514/20-09-17 | 18 | 392 (108.75 x3 =326.25 +20%) | 20 | 33 | 2 | കെട്ടിടമായിട്ടും ദ്വിതീയ മേഖലയിലുൾപെടുത്തി 10% നികുതി കുറവ് നൽകി (ഹാജിയാർപ്പടി - ചാലിയപ്പുറം റോഡ്, കിഴിശ്ശേരി- ചുള്ളിക്കോട്-ഓമാനൂർ റോഡ്, കൊണ്ടോട്ടി- എടവണ്ണപ്പാറ റോഡ് എന്നീ റോഡുകളുടെ ഇരു വശങ്ങളിലേക്കും 100 മീറ്റർ പരിധിയിൽ പ്രഥമ മേഖലയാണ്) |
| 5 | ശ്രീ.സദാനന്ദൻ പി, 5/268A | 98.45 $m^2$ ,പാർപ്പിടം | 315/-, 117020102993/15-12-17 | 16 | 344 (98.45x3 = 296.35 +20%) | 18 | 39 | 2 | |
| 6 | ശ്രീ.മണ്ണാറക്കൽ വേലായുധൻ, 15/453B to F | 68.04 $m^2$, വാണിജ്യം | 2249/-, 117020100597 to 601/13-06-17 | 116 | 2449 (68.04x30 =2041.2+20%) | 122 | 200 | 6 | |
| 7 | ശ്രീ.മണ്ണാറക്കൽ വേലായുധൻ, 15/453G to K | 94.304 $m^2$ ,ലോഡ്ജ് | 2076/-, 117020100602 to 607/13-06-17 | 108 | 2263 (94.304x 20= 1886+20%) | 113 | 187 | 5 | |
| 8 | ശ്രീ. മുഹമ്മദ് & ശ്രീമതി. കമറുന്നീസ, 6/242B to F | 106.5$m^2$, വാണിജ്യം (21.3+21.3+ 21.3+21.3+21.3) | 3515/-, 117020103568 to 3571/13-06-17 | 180 | 3834 (106.5x 30 =3195+20%) | 192 | 319 | 12 | |
| ആകെ കുറവ് | | | | | | | 1339 | 53 | |

ആകെ 1392/- രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. അപാകതകൾ ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.13/06-10-18 ന് പഞ്ചായത്ത് ലഭ്യമാക്കിയ മറുപടിയിൽ മേൽ കെട്ടിടങ്ങളുടെ വസ്തു നികുതി, പുനർ നിർണ്ണയിച്ച് സഞ്ചയ സോഫ്റ്റ് വെയറിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി കെട്ടിട ഉടമകളിൽ നിന്നും കുടിശ്ശിക സഹിതം ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഇത്തരം അപാകതകൾ തുടർന്നുള്ള വർഷങ്ങളിലും വരുമാന നഷ്ടങ്ങൾക്ക് കാരണമാകുമെന്നതിനാൽ ആവർത്തിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. അപാകതകൾ പരിഹരിച്ച് നഷ്ട തുക ബന്ധപ്പെട്ട കെട്ടിട ഉടമകളിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം നഷ്ട തുക ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുന്നതിന് ചാർജ്ജ് നടപടിക്ക് ശുപാർശ ചെയ്യുന്നതാണ്.

## 2-3 ഇ. ടെണ്ടർ - ടെണ്ടർ ഫോറം വില പഞ്ചായത്തിൽ അടച്ചില്ല

2017-18 വർഷത്തിൽ പഞ്ചായത്തിൽ 71 പ്രൊജക്ടുകൾ ഇ ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത് കരാറുകാരെ പ്രവൃത്തി ഏൽപിച്ച് നൽകിയിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തികളുടെ ടെണ്ടർ ഫോറം വിലയിനത്തിൽ കരാറുകാർ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് അടവാക്കിയ തുക പഞ്ചായത്ത് ഫണ്ടിൽ അടവ് വന്നിട്ടില്ല.

മേൽ പ്രവൃത്തികളുടെ ടെണ്ടർ ഫോറം വിലയിനത്തിൽ കരാറുകാരിൽ നിന്ന് ഈടാക്കിയ തുക പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വിവിധ പ്രൊജക്ടുകളുടെ ടെണ്ടർ - തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ്

ഹെഡ്മാസ്റ്റർ, അസിസ്റ്റന്റ് സെക്രട്ടറി എന്നിവർ നിർവഹണ ഉദ്യോഗസ്ഥരായി നടപ്പാക്കിയ ചുവടെ ചേർക്കുന്ന പ്രൊജക്ടുകളിലെ ടെണ്ടർ നടപടിയുമായി ബന്ധപ്പെട്ട തുടർ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

1. പ്രൊജക്ട് നമ്പർ : 260 (സർക്കാർ പ്രൈമറി സ്കൂളുകൾക്ക് ഫർണിച്ചർ വാങ്ങൽ)

നിർവഹണം : ഹെഡ്മാസ്റ്റർ

ബിൽ നമ്പർ : 4/16-02-2018 തുക : 357410 രൂപ

സർക്കാർ പ്രൈമറി സ്കൂളുകൾക്ക് ഫർണിച്ചർ വാങ്ങുന്നതിനായി വിഭാവനം ചെയ്ത പ്രൊജക്ട് പ്രകാരം ഫർണിച്ചർ വാങ്ങുന്നതിനായി ടെണ്ടർ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ ലഭ്യമായ 6 ടെണ്ടറുകളിൽ കുറവ് ക്വാട്ട് ചെയ്ത യുണൈറ്റഡ് ബുക്ക് പാലസ്, കണ്ണൂർ എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ച് ചുവടെ ചേർക്കും പ്രകാരം സപ്ലൈ ഓർഡർ നൽകി. സ്ഥാപനം പഞ്ചായത്തുമായി നിയമാനുസൃതമായ കരാർ വെച്ചിട്ടില്ല.

| ഇനം | വില | എണ്ണം | ആകെ തുക | കുറിപ്പ് |
|---|---|---|---|---|
| ടേബിൾ | 3245 | 16 | 51920 | ലഭ്യമായ ടെണ്ടറുകളിൽ കുറവ് ക്വാട്ട് ചെയ്തതിൻ പ്രകാരം |
| ചെയർ | 1240 | 11 | 13640 | |

| | | | | |
|---|---|---|---|---|
| അലമാര | 7599 | 6 | 45594 | |
| ടേബിൾ വിത്ത് ബെഞ്ച് | 5600 | 44 | 246400 | |
| | | | 357554 | |

എന്നാൽ നിശ്ചിത സമയത്തിനകം (20-12-2017) ഫർണിച്ചർ വിതരണം ചെയ്യാത്തതിനാൽ രണ്ടാമത് കുറഞ്ഞ തുക ക്വാട്ട് ചെയ്ത സ്പയിസ് ഇൻഡസ്ട്രീസ്, കോഴിച്ചെന എന്ന സ്ഥാപനത്തിൽ നിന്ന് ചുവടെ ചേർക്കും പ്രകാരം ഫർണിച്ചർ വാങ്ങിച്ചു.

| ഇൻവോയ്സ് നമ്പർ | ഇനം | വില | എണ്ണം | ആകെ തുക |
|---|---|---|---|---|
| 71/12-02-2018 | ടേബിൾ | 3230 | 19 | 61370 |
| | സ്റ്റീൽ ചെയർ | 1320 | 19 | 25080 |
| | സ്റ്റീൽ അലമാര | 7400 | 6 | 44400 |
| 70/12-02-2018 | ടേബിൾ വിത്ത് ബെഞ്ച് | 5664 | 40 | 226560 |
| | | | | 357410 |

കുറഞ്ഞ തുക ക്വാട്ട് ചെയ്ത്, സാധനം സപ്ലൈ ചെയ്യാത്ത യുണൈറ്റഡ് ബുക്ക് പാലസ്, കണ്ണൂർ എന്ന സ്ഥാപനത്തിനെതിരെ സ്വീകരിച്ച നടപടി വിവരം, ഇ.എം.ഡി ഈടാക്കിയ / പഞ്ചായത്ത് ഫണ്ടിലേക്ക് കണ്ടുകെട്ടിയ വിവരം എന്നിവ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 3/03-10-2018) നിർവഹണ ഉദ്യോഗസ്ഥനായ ഹെഡ്മാസ്റ്റർ 06-10-2018 ന് ലഭ്യമാക്കിയ മറുപടിയിൽ യുണൈറ്റഡ് ബുക്ക് പാലസ്, കണ്ണൂർ എന്ന സ്ഥാപനത്തിൽ നിന്നും 13-12-2017 ലെ 117020102929 രശീതി പ്രകാരം 3580 രൂപ ഇ.എം.ഡി ഈടാക്കിയിട്ടുണ്ടെന്നും, കണ്ണൂർ SBI യുടെ 14896 രൂപക്കുള്ള ടേംബോണ്ടും സ്വീകരിച്ചിട്ടുണ്ടെന്നും അറിയിച്ചു. മേൽ സ്ഥാപനത്തിനെതിരെ നടപടിക്കായി പഞ്ചായത്ത് ബോർഡിലേക്ക് ശുപാർശ കത്ത് നൽകിയിട്ടുണ്ടെന്നും അറിയിച്ചു.

ടേംബോണ്ടും, ഇ.എം.ഡിയും പഞ്ചായത്ത് ഫണ്ടിലേക്ക് കണ്ടുകെട്ടേണ്ടതും, സ്ഥാപനത്തിനെതിരെ സ്വീകരിച്ച തുടർ നടപടി വിവരം അറിയിക്കേണ്ടതുമാണ്.

2. പ്രൊജക്ട് നമ്പർ : 258 (എസ്.സി വിദ്യാർത്ഥിനികൾക്ക് സൈക്കിൾ വാങ്ങൽ)

നിർവഹണം : ഹെഡ്മാസ്റ്റർ

ബിൽ നമ്പർ : 7/23-03-2018 തുക : 262976 രൂപ

എസ്.സി വിദ്യാർത്ഥിനികൾക്ക് സൈക്കിൾ വാങ്ങൽ പ്രൊജക്ട് പ്രകാരം സൈക്കിൾ വാങ്ങുന്നതിനായി ടെണ്ടർ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ ലഭ്യമായ 3 ടെണ്ടറുകളിൽ കുറവ് ക്വാട്ട് ചെയ്ത (സൈക്കിൾ ഒന്നിന് 3950 രൂപ) സഫാരി സൈക്കിൾസ്, ഡൌൺഹിൽ മലപ്പുറം എന്ന സ്ഥാപനത്തെ പഞ്ചായത്ത് ഭരണ സമിതി 12-02-2018 ലെ 2(4) തീരുമാനപ്രകാരം അംഗീകരിച്ചു. എന്നാൽ സഫാരി സൈക്കിൾസ് എന്ന സ്ഥാപനം നിശ്ചിത സമയത്തിനകം സൈക്കിൾ വിതരണം ചെയ്യാത്തതിനാൽ പഞ്ചായത്ത് ഭരണ സമിതിയുടെ 28-02-2018 ലെ 2(4) തീരുമാനപ്രകാരം രണ്ടാമത് കുറഞ്ഞ തുക ക്വാട്ട് ചെയ്ത (സൈക്കിൾ ഒന്നിന് 4109 രൂപ) ഉദയ സൈക്കിൾ മാർട്ട് കൊണ്ടോട്ടി എന്ന സ്ഥാപനത്തെ തെരഞ്ഞെടുത്തു. മേൽ സ്ഥാപനത്തിന്റെ 21-03-2018 ലെ G203 നമ്പർ ഇൻവോയ്സ് പ്രകാരം 64 സൈക്കിളുകൾ 262976 രൂപക്ക് വാങ്ങി.

കുറഞ്ഞ തുക ക്വാട്ട് ചെയ്ത് സാധനം സപ്ലൈ ചെയ്യാത്ത സഫാരി സൈക്കിൾസ്, ഡൌൺഹിൽ മലപ്പുറം എന്ന സ്ഥാപനത്തിനെതിരെ സ്വീകരിച്ച നടപടി വിവരം, സ്ഥാപനത്തിൽ നിന്ന് ഇ.എം.ഡി ഈടാക്കിയ / പഞ്ചായത്ത് ഫണ്ടിലേക്ക് കണ്ടുകെട്ടിയ വിവരം, സ്ഥാപനവുമായി കരാർ ചമച്ചതിന്റെ വിവരം എന്നിവ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 5/03-10-2018) നിർവഹണ ഉദ്യോഗസ്ഥനായ ഹെഡ്മാസ്റ്റർ 06-10-2018 ന് ലഭ്യമാക്കിയ മറുപടിയിൽ സ്ഥാപനം നിശ്ചിത സമയത്തിനകം സൈക്കിൾ വിതരണം ചെയ്യുകയോ കരാർ വെക്കുകയോ ചെയ്തിട്ടില്ല എന്നറിയിച്ചു. സ്ഥാപനത്തിൽ നിന്ന് ഇ.എം.ഡി ഈടാക്കിയ വിവരം ലഭ്യമാക്കിയില്ല.

ഇ.എം.ഡി അടവാക്കിയിട്ടുണ്ടെങ്കിൽ പഞ്ചായത്ത് ഫണ്ടിലേക്ക് കണ്ടുകെട്ടേണ്ടതും, അടവാക്കിയിട്ടില്ല എങ്കിൽ ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്. സ്ഥാപനത്തിനെതിരെ സ്വീകരിച്ച തുടർ നടപടി വിവരം അറിയിക്കേണ്ടതുമാണ്.

3. പ്രൊജക്ട് നമ്പർ : 52 (എസ്.സി വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസത്തിനായി ലാപ്ടോപ്പ്)

നിർവഹണം : അസിസ്റ്റന്റ് സെക്രട്ടറി

ബിൽ നമ്പർ : 6/16-03-2018 തുക : 695239 രൂപ

എസ്.സി വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസത്തിനായി ലാപ്ടോപ്പ് വാങ്ങൽ പ്രൊജക്ട് പ്രകാരം ലാപ്ടോപ്പ് വാങ്ങുന്നതിനായി 01-12-2018 ന് എ.1-458/2017നമ്പറായി ടെണ്ടർ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ സ്പെസിഫിക്കേഷൻ പ്രകാരമുള്ള ലാപ്ടോപ്പ് വിതരണം ചെയ്യുന്നതിന് ചുവടെ ചേർക്കും പ്രകാരം 2 ടെണ്ടറുകൾ ലഭ്യമായി.

1. ആംസ്റ്റർ ബിസിനസ് കോർപ്പറേഷൻ, കൊണ്ടോട്ടി - 22661 ലാപ്ടോപ്പ് ഒന്നിന് (നികുതി ഒഴികെ)

2. സിസിൻ ടെക്നോളജീസ്, കൊണ്ടോട്ടി - 21168 ലാപ്ടോപ്പ് ഒന്നിന് (നികുതി ഒഴികെ)

എന്നാൽ കുറവ് തുക ക്വാട്ട് ചെയ്ത സിസിൻ ടെക്നോളജീസ്, കൊണ്ടോട്ടി എന്ന സ്ഥാപനം സ്പെസിഫിക്കേഷൻ പ്രകാരമുള്ള ലാപ്ടോപ്പ് വിതരണം ചെയ്യാൻ സാധിക്കില്ല എന്ന് ഫോൺ വഴി അറിയിച്ചതായി ഫയലിൽ കാണുന്നു. 22-02-2018 ന് സാംപിൾ ഹാജരാക്കാൻ മേൽ സ്ഥാപനത്തോട് ആവശ്യപ്പെട്ടെങ്കിലും ഹാജരാക്കിയില്ല. കുറവ് തുക ക്വാട്ട് ചെയ്ത സിസിൻ ടെക്നോളജീസ് എന്ന സ്ഥാപനം ലാപ്ടോപ്പ് ലഭ്യമാക്കാത്തതിനാൽ ടെണ്ടറിൽ പങ്കെടുത്ത രണ്ടാമത്തെ സ്ഥാപനമായ ആംസ്റ്റർ ബിസിനസ് കോർപ്പറേഷൻ, കൊണ്ടോട്ടി എന്ന സ്ഥാപനത്തിൽ നിന്ന് 26 ലാപ്ടോപ്പുകൾ യൂനിറ്റ് ഒന്നിന് 26740 രൂപ (GST യടക്കം) വെച്ച് 695239/- രൂപക്ക് പർച്ചേസ് ചെയ്തു. (ഇൻവോയ്സ് നമ്പർ : AM0073/10-03-2018).

കുറഞ്ഞ തുക ക്വാട്ട് ചെയ്ത് സാധനം സപ്ലൈ ചെയ്യാത്ത സിസിൻ ടെക്നോളജീസ് കൊണ്ടോട്ടി എന്ന സ്ഥാപനവുമായി കരാർ ചമച്ചതിന്റെ വിവരം, സ്ഥാപനത്തിൽ നിന്ന് ഇ.എം.ഡി ഈടാക്കിയ / പഞ്ചായത്ത് ഫണ്ടിലേക്ക് കണ്ടുകെട്ടിയ വിവരം, മേൽ സ്ഥാപനത്തിനെതിരെ സ്വീകരിച്ച നടപടി വിവരം എന്നിവ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 9/05-10-2018) നിർവഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് സെക്രട്ടറി 06-10-2018 ന് ലഭ്യമാക്കിയ മറുപടിയിൽ സിസിൻ ടെക്നോളജീസ് കൊണ്ടോട്ടി എന്ന സ്ഥാപനവുമായി കരാർ ചമച്ചിട്ടില്ലെന്നും, ഈടാക്കിയ ഇ.എം.ഡി പഞ്ചായത്ത് ഫണ്ടിലേക്ക് കണ്ടുകെട്ടുന്നതാണ് എന്നും, സ്ഥാപനത്തിനെതിരെ ഭരണസമിതിയിൽ ആലോചിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചു.

തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## 3-2 എസ്.സി വിവാഹധനസഹായം - അർഹമായതിലും അധിക തുക അനുവദിച്ചു

നിർവഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് സെക്രട്ടറി 2017-18 സാമ്പത്തിക വർഷത്തിൽ നിർവഹണം നടത്തിയ വിവാഹ ധനസഹായം - എസ്.സി പ്രൊജക്ടിൽ (നമ്പർ : 58/17-18) ചുവടെ ചേർക്കും പ്രകാരം 11 ഗുണഭോക്താക്കൾക്ക് എസ്. സി. പി ഫണ്ട് ഉപയോഗിച്ച് വിവാഹ ധനസഹായം നൽകിയിട്ടുണ്ട്.

ബിൽ നമ്പർ/തിയ്യതി: 4/17-18 തി. 24-10-2017 തുക: 525000 രൂപ

ബിൽ നമ്പർ/തിയ്യതി: 5/17-18 തി. 29-12-2017 തുക: 225000 രൂപ

ബിൽ നമ്പർ/തിയ്യതി: 8/17-18 തി. 24-03-2018 തുക: 75000 രൂപ

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | വധുവിന്റെ പേര് | വിവാഹം നടന്ന തിയ്യതി | അനുവദിച്ച ധനസഹായം | കുറിപ്പ് |
|---|---|---|---|---|---|
| 1 | തങ്ക. ടി | സരിത. കെ | 29-04-2017 | 75000 | ബിൽ നമ്പർ 4/17-18 |
| 2 | ശാരദ. കെ | രസ്നമോൾ കെ | 12-05-2017 | 75000 | |
| 3 | ശൈബി | ദൃശ്യ കെ.പി | 13-09-2017 | 75000 | |
| 4 | പുഷ്പലത. പി.വി | അശ്വിനി. പി.പി | 07-05-2017 | 75000 | |
| 5 | സരോജിനി കെ | നിഷ. കെ | 05-03-2017 | 75000 | |
| 6 | ലക്ഷ്മി എ | പ്രജിത ഇ | 24-04-2017 | 75000 | |
| 7 | യശോദ എം | അമൃത വി | 27-08-2017 | 75000 | |

| | | | | | |
|---|---|---|---|---|---|
| 8 | തങ്കമണി. കെ | ബിനിത കെ | 27-03-2017 | 75000 | ബിൽ നമ്പർ 5/17-18 |
| 9 | അജിത. പി | അമിഷ സി | 13-09-2017 | 75000 | |
| 10 | ഷീജ പാപ്പാടൻ | ശ്രീഷ്മ കെ | 28-10-2017 | 75000 | |
| 11 | സരോജിനി | ജിൻഷ വി | 22-10-2017 | 75000 | ബിൽ നമ്പർ 8/17-18 |
| ആകെ | | | | 825000 | |

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി (2012-17), 2016-17 വാർഷിക പദ്ധതി, തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖ ജി.ഒ (എം.എസ്) നമ്പർ 4/2016 /ത.സ്വ.ഭ.വ, തി.11-01-2016, 6.5 പ്രകാരം പട്ടികജാതി/പട്ടികവർഗ്ഗ രക്ഷകർത്താക്കളുടെ പെൺകുട്ടികളുടെ വിവാഹത്തിന് 50000 രൂപ നിരക്കിൽ ധനസഹായം നൽകാവുന്നതാണ്. എന്നാൽ ക്രമ നമ്പർ 5, 8 പ്രകാരമുള്ള ഗുണഭോക്താക്കളായ 1. ശ്രീമതി. സരോജിനി കെ, അയ്യംപറമ്പിൽ, മുതുവല്ലൂർ. 2. ശ്രീമതി. തങ്കമണി. കെ, വീട്ടിച്ചാലിൽ, മുതുപറമ്പ് എന്നിവരുടെ മക്കളുടെ വിവാഹം നടന്നത് യഥാക്രമം 05-03-2017, 27-03-2017 തിയ്യതികളിലാണ്. മാർഗ്ഗരേഖ പ്രകാരം മേൽ ഗുണഭോക്താക്കൾക്ക് 50000 രൂപ വീതം ധനസഹായത്തിനാണ് അർഹത. എന്നാൽ ഇവർക്ക് 75000 രൂപ വീതം അനുവദിച്ചിട്ടുണ്ട്.

മേൽ ഗുണഭോക്താക്കൾക്ക് 75000 രൂപ വീതം അനുവദിച്ചതിന് ആധാരമായ അനുമതി ഉത്തരവ് ഹാജരാക്കേണ്ടതാണ് എന്നറിയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 10/05-10-2018) നിർവഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് സെക്രട്ടറി 06-10-2018 ന് ലഭ്യമാക്കിയ മറുപടിയിൽ 2017-18 ലെ പുതുക്കിയ മാർഗ്ഗരേഖ പ്രകാരം വിവാഹ ധനസഹായം ഒരു വ്യക്തിക്ക് നൽകേണ്ട തുകയുടെ പരിധി 75000 രൂപയായി ഉയർത്തി എന്നറിയിച്ചിട്ടുണ്ട്. പുതുക്കിയ മാർഗ്ഗരേഖ പ്രകാരം തുടർന്നുള്ള പദ്ധതി ഗുണഭോക്താക്കൾക്ക് വർധിപ്പിച്ച നിരക്കിലുള്ള ആനുകൂല്യ തുക നൽകേണ്ടതും, വിവാഹം നടന്ന തിയ്യതിയുടെ അടിസ്ഥാനത്തിൽ 50000 രൂപ ആനുകൂല്യം നിഷ്കർഷിക്കുന്ന പഴയ ഉത്തരവിന് പ്രാബല്യം ഉണ്ടാകുമെന്ന് മാർഗ്ഗരേഖയിൽ എവിടെയും പറഞ്ഞിട്ടില്ലാത്തതാണെന്നും മറുപടി നൽകി.

എന്നാൽ വിവാഹ ധനസഹായം ഒരു വ്യക്തിക്ക് നൽകേണ്ട തുകയുടെ പരിധി 75000 രൂപയായി ഉയർത്തിയ മാർഗ്ഗരേഖ ജി.ഒ (എം.എസ്) നമ്പർ 80/2017 ത.സ്വ.ഭ.വ തി:03-04-2017, 2017-18 വർഷത്തേക്കുള്ളതാണ്. പതിമൂന്നാം പഞ്ചവത്സര പദ്ധതി (2017-22) യിലെ ആദ്യ വർഷ പദ്ധതി (2017-18) തയ്യാറാക്കുന്നതിനാണ് പ്രസ്തുത മാർഗ്ഗരേഖ എന്ന് ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. 11 ഗുണഭോക്താക്കളിൽ 9 പേരുടെ മക്കളുടെ വിവാഹവും നടന്നത് 2017-18 വർഷത്തിലായതിനാൽ ഈ മാർഗ്ഗരേഖ പ്രകാരമുള്ള 75000 രൂപ അനുവദിക്കാവുന്നതാണ്. 2 പേരുടെ മക്കളുടെ വിവാഹം നടന്നത് 2016-17 വർഷത്തിലായതിനാൽ പ്രസ്തുത വർഷത്തേക്ക് നിലവിലുണ്ടായിരുന്ന ധനസഹായമായ 50000 രൂപക്കാണ് അർഹത. വിവാഹ ധനസഹായം നൽകേണ്ടത് വിവാഹം നടന്ന തിയ്യതിയുടെ അടിസ്ഥാനത്തിലാണെന്നുള്ളത് വളരെ വ്യക്തമാണ്. ആയതിനാൽ വിവാഹം നടന്ന തിയ്യതിയുടെ അടിസ്ഥാനത്തിൽ 50000 രൂപ ആനുകൂല്യം നിഷ്കർഷിക്കുന്ന പഴയ ഉത്തരവിന് പ്രാബല്യം ഉണ്ടാകുമെന്ന് മാർഗ്ഗരേഖയിൽ എവിടെയും പറഞ്ഞിട്ടില്ല എന്ന നിർവഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് സെക്രട്ടറിയുടെ മറുപടി വസ്തുതക്ക് നിരക്കുന്നതല്ല.

അധിക ധനസഹായം അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കുകയോ, അധികമായി അനുവദിച്ച 50000 രൂപ തിരിച്ചടവാക്കുകയോ ചെയ്യേണ്ടതാണ്. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 3-3 മരുന്നുകൾ ലഭ്യമാക്കൽ - പുരോഗതി വിവരം അറിയിക്കേണ്ടതാണ്

നിർവഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) 2017-18 സാമ്പത്തിക വർഷത്തിൽ നിർവഹണം നടത്തിയ താഴെപ്പറയുന്ന പ്രൊജക്ടുകൾ പ്രകാരം മരുന്നുകൾ വാങ്ങുന്നതിനായി തുക ചെലവഴിച്ചിട്ടുണ്ട്. സപ്ലൈ ഓർഡർ നൽകിയതിനനുസരിച്ചുള്ള മരുന്നുകൾ മുഴുവനായും ലഭ്യമായിട്ടില്ല. തുക ചെലവഴിച്ചതിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

1. പ്രൊജക്ട് നമ്പർ : 75/17-18, പി.എച്ച്.സി ക്ക് മരുന്ന് വാങ്ങൽ

ബിൽ നമ്പർ/തിയ്യതി: 4/17-18 തി. 23-02-2018

തുക: 400,000 രൂപ, (വികസന ഫണ്ട് ജനറൽ)

പെർഫോർമ ഇൻവോയ്സ് നമ്പർ: PRF 3253/23-12-2017

ഏജൻസി : KMCL തിരുവനന്തപുരം.

ഇൻവോയ്സ് നമ്പർ: 2354/29-05-2018 പ്രകാരം 136999 രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടുണ്ട്. 263001 രൂപയുടെ മരുന്നുകൾ കൂടി ലഭ്യമാവാനുണ്ട്.

2.പ്രൊജക്ട് നമ്പർ : 65/17-18പരിരക്ഷ പദ്ധതി

ബിൽ നമ്പർ/തിയ്യതി: 5/17-18 തി. 23-02-2018

85,000 രൂപ (വികസന ഫണ്ട് ജനറൽ)

പെർഫോർമ ഇൻവോയ്സ് നമ്പർ: PRF 3014/16-12-2017

ഏജൻസി : KMCL തിരുവനന്തപുരം.

ഇൻവോയ്സ് നമ്പർ: 2351/29-05-2018 പ്രകാരം 53557 രൂപയുടെയും, ഇൻവോയ്സ് നമ്പർ: 6642/16-08-2018 പ്രകാരം 14915 രൂപയുടെയും മരുന്നുകൾ ലഭ്യമായിട്ടുണ്ട്. 16528 രൂപയുടെ മരുന്നുകൾ കൂടി ലഭ്യമാവാനുണ്ട്.

ലഭ്യമാവാൻ അവശേഷിക്കുന്ന 279529 (263001 + 16528) രൂപയുടെ മരുന്നുകൾ കൂടി ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം അറിയിക്കേണ്ടതാണ്. അവശേഷിക്കുന്ന മരുന്നുകൾക്കുള്ള ചെലവു തുക തടസ്സം ചെയ്യുന്നു.

## 3-4 പൊതു മരാമത്ത് പ്രവൃത്തികൾ; അവലോകനം

I) പ്രവൃത്തികൾ പൂർണ്ണമായി നടപ്പാക്കുന്നില്ല- പഞ്ചായത്തിന് ഫണ്ട് നഷ്ടപ്പെടുന്നു.

2017-18 വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 163 പ്രൊജക്ടുകൾ തയ്യാറാക്കിയെങ്കിലും 117 പ്രൊജക്ടുകളാണ് നടപ്പിലാക്കിയിട്ടുള്ളത്. വിഭാവനം ചെയ്ത പദ്ധതികളിൽ 71.78% പ്രൊജക്ടുകളാണ് തൻവർഷം പൂർത്തീകരിച്ചത്.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 163 | ആകെ അടങ്കൽ | 54632107 |
| നടപ്പിലാക്കിയത് | 117 | ചെലവ് | 40658616 |
| ശതമാനം | 71.78 | ചെലവ് ശതമാനം | 74.42 |

ആകെ 77 പ്രൊജക്ടുകൾ സ്പിൽ ഓവറായി നടപ്പാക്കാൻ അംഗീകാരം നേടിയെങ്കിലും ഇതിൽ 64 പ്രൊജക്ടുകൾ മാത്രമെ നടപ്പാക്കാനായുള്ളൂ.

ഗ്രാമ പഞ്ചായത്തിൽ ഒരു അസിസ്റ്റന്റ് എഞ്ചിനീയറും രണ്ട് ഓവർസിയറും അടക്കം ആകെ മൂന്ന് ജീവനക്കാർ മാത്രമാണ് ഓഡിറ്റ് വർഷത്തിൽ ഉണ്ടായിരുന്നത്. പരിമിതമായ ജീവനക്കാർ മാത്രമായതും പ്രവൃത്തികളുടെ ബാഹുല്യവും പദ്ധതി നടപ്പിലാക്കുന്നത് വൈകുന്നതിനും, മുഴുവൻ പദ്ധതികളും നടപ്പിലാക്കാൻ കഴിയാതിരുന്നതിനും കാരണമായി. മാത്രമല്ല ജീവനക്കാരുടെ കുറവും പ്രവൃത്തികളുടെ ബാഹുല്യവും കാരണം പ്രവൃത്തികളുടെ ഗുണമേന്മ ഉറപ്പ് വരുത്തുന്നതിനും കഴിയുന്നില്ല എന്ന് വ്യക്തമാണ്.

പഞ്ചായത്തിനെ മൊത്തം ഒരു യൂണിറ്റായി കണ്ട് പദ്ധതികൾ തയ്യാറാക്കാൻ സ്റ്റാന്റിങ്ങ് കമ്മിറ്റികൾ നേതൃത്വപരമായ പങ്ക് വഹിക്കേണ്ടതും ഫണ്ടുകൾ വാർഡുകൾക്കായി വീതം വെക്കുന്ന പ്രവണത ഒഴിവാക്കാൻ ശ്രമിക്കേണ്ടതുമാണ്.

II.റോഡ് കണക്റ്റിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയില്ല

ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്റ്റിവിറ്റി മാപ്പും റോഡ് കണക്റ്റിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണമെന്നും, ഏതൊരു റോഡ് നിർമ്മാണ പ്രൊജക്ടിനൊപ്പവും റോഡ് കണക്റ്റിവിറ്റി മാപ്പിൽ പ്രൊജക്ടിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗരേഖകളിൽ പ്രത്യേകം പരാമർശിച്ചിട്ടുള്ളതാണ്. എന്നാൽ ഒരു പ്രവൃത്തിയിലും ഈ നിബന്ധനകൾ പാലിച്ചതായി കണ്ടില്ല.

റോഡ് കണക്റ്റിവിറ്റി മാപ്പും റോഡ് കണക്റ്റിവിറ്റി പ്ലാനും തയ്യാറാക്കുകയും, പ്രസ്തുത രേഖകളും സ്റ്റാറ്റസ് റിപ്പോർട്ടും അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ മാത്രം പ്രൊജക്ടുകൾ തയ്യാറാക്കാൻ സ്റ്റാന്റിങ്ങ് കമ്മിറ്റി നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകേണ്ടതും ആയത് പ്രകാരമാണ് പദ്ധതികൾ രൂപീകരിക്കുന്നതെന്ന് ഉറപ്പ് വരുത്താൻ

ശ്രദ്ധിക്കേണ്ടതുമാണ്.

III).റോഡ് കോൺക്രീറ്റിംഗ് വ്യാപകമായി നിർവ്വഹിക്കുന്നു.

റോഡ് നിർമ്മാണം, മെച്ചപ്പെടുത്തൽ, പുനരുദ്ധാരണം എന്നിവയിൽ ചീഫ് എഞ്ചിനീയറുടെ നിലവിലുള്ള വ്യവസ്ഥകൾ പാലിച്ച് കൊണ്ട് മാത്രമേ കോൺക്രീറ്റിംഗ് പ്രവൃത്തികൾ ഏറ്റെടുക്കാവുവെന്ന് പദ്ധതി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയതാണ്. എന്നാൽ 3 മീറ്ററും അതിലധികവും വീതിയുള്ള റോഡിന്റെ ഉപരിതലം പോലും കോൺക്രീറ്റിംഗ് ചെയ്യുന്നത് മഴവെള്ളം കെട്ടി നിൽക്കുന്ന പ്രദേശം, കുത്തനെ കയറ്റമുള്ള റോഡ് പ്രതലം എന്നിങ്ങനെ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയാണ്. എസ്റ്റിമേറിൽ വ്യക്തമായ കാരണം രേഖപ്പെടുത്താതെയും കോൺക്രീറ്റിംഗ് വ്യാപകമായി ചെയ്യുന്നുണ്ട്.

മഴവെള്ളം ഒഴുകിപ്പോകാൻ വേണ്ടത്ര സംവിധാനങ്ങൾ ഒരുക്കി നിർമ്മാണത്തിനും മെയിന്റെനൻസിനും വലിയ സാമ്പത്തിക ചെലവ് വരുത്തിവെക്കുന്ന കോൺക്രീറ്റിംഗ് അവശ്യമായ സ്ഥലങ്ങളിൽ മാത്രമായി പരിമിതപ്പെടുത്തേണ്ടതാണ്. പഞ്ചാത്ത് ഭരണ സമിതിയും സാങ്കേതിക മേൽനോട്ടം വഹിക്കുന്ന അസി.എഞ്ചിനീയറും നിർദ്ദേശം പരിശോധിച്ച് വ്യക്തമായ വിശദീകരണം നൽകേണ്ടതാണ്.

IV)ചെയിനേജ് രേഖപ്പെടുത്താതെ റോഡ് പ്രവൃത്തികൾ നടത്തുന്നു.

2017-18 വർഷത്തിൽ പഞ്ചായത്തിൽ വളരെയധികം റോഡ് പ്രവൃത്തികൾ നടത്തിയിട്ടുണ്ടെങ്കിലും ഭൂരിപക്ഷം പ്രവൃത്തിയിലും പ്രവൃത്തിനടത്തുന്ന റോഡിന്റെ ചെയിനേജ് രേഖപ്പെടുത്തിയിട്ടില്ല.

V)പ്രവൃത്തി പൂർത്തീകരണ കാലയളവ് വ്യക്തമാക്കാതെ കരാർ ചമച്ചു.

അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹണോദ്യോഗസ്ഥനായി നടപ്പാക്കിയ മിക്ക മരാമത്ത് പ്രവൃത്തികളിലും പ്രവൃത്തി പൂർത്തീകരണ കാലയളവ് എത്രയാണ് എന്ന് വ്യക്തമാക്കുന്നില്ല.

കൂടാതെ നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാത്ത പ്രവൃത്തികൾക്ക് ഈടാക്കേണ്ട പിഴ സംബന്ധിച്ച് പുതുക്കിയ PWD മാന്വൽ പ്രകാരമുള്ള നിബന്ധനകളും കരാറിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും ഭരണസമിതിയുടേയും ശക്തമായ ഇടപെടൽ അപാകതകൾ ആവർത്തിക്കാതിരിക്കാൻ ഉണ്ടാകേണ്ടതാണ്.

## 3-5 പി.എച്ച്.സി കെട്ടിടം ഉപയോഗപ്പെടുത്തുന്നില്ല- പാഴ്ചെലവ്.

വിളയിൽ പി.എച്ച്.സി ക്ക് പുതിയ കെട്ടിടം നിർമിക്കുന്നതിന് ലോക ബാങ്ക് സഹായത്തോടെ തയ്യാറാക്കിയ പ്രൊജക്റ്റ് പ്രകാരം 66 ലക്ഷത്തിലധികം രൂപ ചെലവഴിച്ച് കെട്ടിട നിർമാണം 2017 ജൂൺ മാസത്തിൽ തന്നെ പൂർത്തീകരിച്ചതാണ്. എന്നാൽ കെട്ടിടത്തിന് വൈദ്യുതി ലഭ്യമാകാത്തതിനാൽ ആശുപത്രി പുതിയ കെട്ടിടത്തിൽ നാളിതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. പരിമിതമായ സൗകര്യങ്ങൾ മാത്രമുള്ള പഴയ കെട്ടിടത്തിലാണ് ഇപ്പോഴും ആശുപത്രി പ്രവർത്തിക്കുന്നത്.

വൻതുക ചെലവഴിച്ച് കെട്ടിടം നിർമിച്ച് ഒന്നര വർഷത്തോളമായിട്ടും കെട്ടിടം ഉപയോഗപ്പെടുത്താത്തത് മൂലം ഇതിന് ചെലവഴിച്ച പണം പാഴ്ചെലവാകുകയാണ്. കൂടാതെ കാലങ്ങളായി ഉപയോഗിക്കാതിരിക്കുന്നത് മൂലം കെട്ടിടത്തിന് കേടുപാടുകൾ സംഭവിക്കാനും സാധ്യതയുണ്ട്.

കെട്ടിടത്തിന് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തി എത്രയും പെട്ടന്ന് കെട്ടിടം ഉപയോഗപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-6 ഇ-ടെണ്ടർ പ്രവൃത്തികൾ- ₹ 20.81 ലക്ഷം ലാഭം

2017-18 വർഷത്തിൽ പഞ്ചായത്തിൽ ആകെ ടെണ്ടർ ചെയ്ത 94 പ്രവൃത്തികളിൽ 74 എണ്ണവും ഇ ടെണ്ടർ മുഖേനയാണ് ടെണ്ടർ ചെയ്ത് നൽകിയത്. പ്രവൃത്തിയുടെ അടങ്കൽ തുക പരിഗണിക്കാതെ പ്രവൃത്തികൾ ഇ ടെണ്ടർ മുഖേന നടപ്പാക്കുന്നതിന് പഞ്ചായത്ത് തീരുമാനം എടുത്തത് മൂലം ടെണ്ടർ നടപടികളിൽ സുതാര്യതയും മത്സര ക്ഷമതയും ഉറപ്പാക്കാൻ സാധിച്ചു.
74 പ്രവൃത്തികൾ ഇപ്രകാരം ഇ ടെണ്ടർ ചെയ്തതിൽ ആകെ അടങ്കലിന്റെ 12% കുറവിലാണ് പ്രവൃത്തികൾ കരാറുകാർ ഏറ്റെടുത്തത്.ഇതുമൂലം 2017-18 വർഷത്തിൽ ₹ 2081720/- രൂപ പഞ്ചായത്തിന് ലാഭിക്കാനായി.

ഇ ടെണ്ടർ ചെയ്യുന്നതിന് സാങ്കേതികമായ പ്രശ്നങ്ങൾ മൂലം ഇതേ വർഷത്തിൽ 20 പ്രവൃത്തികൾ പഞ്ചായത്ത് മാന്വൽ ടെണ്ടർ മുഖേന കരാറുകാരെ ഏൽപിച്ചുനൽകിയിരുന്നു. എന്നാൽ ഈ പ്രവൃത്തികളിലായി ആകെ 0.3% ലാഭം മാത്രമാണ് പഞ്ചായത്തിന് ടെണ്ടർ സേവിങ്സ് ലഭിച്ചത്. ആകെ ₹ 2755 മാത്രമാണ് മേൽ 20 പ്രവൃത്തികളുടെ ടെണ്ടറിലൂടെ പഞ്ചായത്തിന് ലാഭിക്കാനായത്.

ഒരേ പഞ്ചായത്തിലെ ഒരേ ഇനം പ്രവൃത്തികൾ ഉൾപ്പെടുന്ന പ്രവൃത്തികൾ ഇ ടെണ്ടർ ചെയ്യപ്പോഴും , മാന്വൽ ടെണ്ടർ ചെയ്യപ്പോഴും ടെണ്ടർ സേവിങ്ങ്സ് ഇനത്തിൽ വലിയ വ്യത്യാസം വന്ന എന്നതിൽ നിന്നും മാന്വൽ ടെണ്ടറിൽ കരാറുകാർ അനധികൃതമായി സംഘം ചേർന്ന് ടെണ്ടർ നടപടികളുടെ സുതാര്യതയും മത്സരക്ഷമതയും ഇല്ലാതാക്കുന്നു എന്ന് വ്യക്തമാണ്.

സാധ്യമാകുന്നിടത്തോളം പരമാവധി പ്രവൃത്തികൾ ഇ ടെണ്ടർ മുഖേന നടപ്പാക്കുന്നതിന് പഞ്ചായത്ത് നടപടികൾ സ്വീകരിച്ചത് അനുകരണീയ മാതൃകയാണ്.

## 3-7 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

ചുവടെ ചേർത്ത ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് വേണ്ടി തുക അടവാക്കിയിട്ടുണ്ട്, എന്നാൽ പ്രവൃത്തി പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രൊജക്ട് നം,പ്രവൃത്തി | അടവാക്കിയ തുക/ബിൽ നം. | അടവാക്കിയ സ്ഥാപനം |
|---|---|---|---|
| 1 | 142/18,അംഗനവാടികൾക്ക് കുടിവെള്ള കണക്ഷൻ | 260000/-, 17/6-3-18 | കേരള വാട്ടർ അതോറിറ്റി,മലപ്പുറം |
| 2 | 271/18, ചുള്ളിക്കോട് ലക്ഷംവീട് കോളനി പൈപ്പ് ലൈൻ നീട്ടൽ | 100000/-,21700786 /16-3-18 | കേരള വാട്ടർ അതോറിറ്റി,മലപ്പുറം |
| 3 | 147/18, പള്ളിക്കുത്ത് കോട്ടംപറമ്പ് കുടിവെള്ള പദ്ധതി | 700000/-,24/24-3-18 | കേരള വാട്ടർ അതോറിറ്റി,മലപ്പുറം |
| 4 | 151/18, പറമ്പിൽ അംഗനവാടി കുഴൽകിണർ മോട്ടോർ സ്ഥാപിക്കൽ | 86000/-,20/15-3-18 | ഭൂജല വകുപ്പ്,മലപ്പുറം |
| ആകെ | | 1136000/- | |

പ്രവൃത്തി പൂർത്തിയാക്കിയത് സംബന്ധിച്ച വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നത് വരെ 1136000/- രൂപ തടസ്സം ചെയ്യുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പദ്ധതിയുടെ പേരും നമ്പറും | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 13600 | നെൽകൃഷി കൂലിചെലവ്,ജൈവവളം പ്രൊജക്ട് നമ്പർ:153 | 13600 | 0 |
| | 2017-18 | 362900 | ഭിന്നശേഷി വിദ്യാർഥികൾക്ക് സ്കോളർഷിപ്പ്, പ്രൊജക്ട് നമ്പർ:77 | 362900 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 14110 | നെൽകൃഷി കൂലിചെലവ്,ജൈവവളം പ്രൊജക്ട് നമ്പർ:153 | 14110 | 0 |

| | | | | | |
|---|---|---|---|---|---|
| | 2017-18 | 200000 | ഭിന്നശേഷി വിദ്യാർഥികൾക്ക് സ്കോളർഷിപ്പ്, പ്രൊജക്ട് നമ്പർ:77 | 200000 | 0 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരം

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് നിക്ഷേപ പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നല്കിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ,ചെക്ക് നമ്പർ | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| ഭൂജല വകുപ്പ് | പറമ്പിൽ അംഗനവാടി കുഴൽകിണർ മോട്ടോർ വെക്കൽ | 21701008 തിയ്യതി:14/03/18 | 86000 | ഇല്ല | ഇല്ല | 86000 |
| കേരള വാട്ടർ അതോറിറ്റി | അംഗനവാടികൾക്ക് കുടിവെള്ള കണക്ഷൻ | 21700995 തിയ്യതി:05/03/18 21700785 തിയ്യതി:14/03/18 | 260000 | ഇല്ല | ഇല്ല | 260000 |
| കേരള വാട്ടർ അതോറിറ്റി | ചുള്ളിക്കോട് ലക്ഷംവീട് കോളനിയിലേക്ക് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 21700786 തിയ്യതി:16/03/18 | 100000 | ഇല്ല | ഇല്ല | 100000 |
| കേരള വാട്ടർ അതോറിറ്റി | പള്ളിക്കുത്ത കൊട്ടാപറമ്പ് കുടിവെള്ള പദ്ധതി | 21701043 തിയ്യതി:24/03/18 21700819 തിയ്യതി:24/03/18 | 700000 | ഇല്ല | ഇല്ല | 700000 |

## 4-3 മൊബൈലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ /തിയ്യതി |
|---|---|---|---|---|
| 2013-14,2014-15 | 2-1 | 2592 | എളഞ്ചേരി അബ്ദുലത്തീഫ് | 117020103837/19 /03/2018 |
| 2013-14,2014-15 | 2-1 | 11919 | താഴെതയ്യിൽ വള്ളക്കാട്ട് മുഹമ്മദാജി | 11533/53,54,55 /14/08/2017 |
| ആകെ | | 14511 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം

ഇല്ല

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുക

ഇല്ല

ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുക

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 70534260 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 73988479 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1415529 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 279529 | ഡോ. സാബിർ നാലകത്ത്, മെഡിക്കൽ ഓഫീസർ (PHC) |
| 3-7 | 1136000 | പ്രദീപൻ പി.കെ, സെക്രട്ടറി |
| ആകെ | 1415529 | |

സ) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2006-07 | കെ.എസ്.എ.എം.പി.എം.9/2781/2017 തി : 21-04-2018 | 1 |
| 2008-09 | കെ.എസ്.എ.എം.പി.എം.9/2781/2017 തി : 21-04-2018 | 1 |
| 2009-10,10-11 | കെ.എസ്.എ.എം.പി.എം.9/2781/2017 തി : 21-04-2018 | 7 |
| 2011-12,2012-13 | കെ.എസ്.എ.എം.പി.എം.9/2781/2017 തി : 21-04-2018 | 2 |
| 2013-14,2014-15 | കെ.എസ്.എ.എം.പി.എം.9/2781/2017 തി : 21-04-2018 | 4 |
| 2015-16 | കെ.എസ്.എ.എം.പി.എം.7/3093/2016 തി: 07.03.2018 | 5 |
| 2016-17 | കെ.എസ്.എ.എം.പി.എം.7/1777/2017 തി: 26.07.2018 | 13 |

ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം

## അനുബന്ധം-1

### ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ.എം.പി.എം.9/1322/2018

dompm.ksad@kerala.gov.inഇ-മെയിൽ:
പിൻ- 676 505 ഫോൺ: 0483-2734951
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

തീയ്യതി 03/08/2018.

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് നിയമത്തിന്റെ 215ാം വകപ്പ് , ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്'ട്രോളർ ആന്റ്

ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻ്റേർഡുകൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ മുതുവല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മുതുവല്ലൂർ ഗ്രാമ പഞ്ചായത്തിന്റെ 2017-18 വാർഷിക ധനകാര്യ പത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## Audit Certificate

No.KSA/MPM9/1322/18

Kerala State Audit Department
District office ,Malappuram
Phone: 0483 -2734951
Email: dompm.ksad@kerala.gov.in
Date: 03/08/2018

Certified that I have audited the Annual Financial Statement of Muthuvallur Grama Panchayath in Malappuram District of the year ended on 31.3.18 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayath Raj Act 1994, the rules made there under and the guidelines issued by the Comptroller And Auditor Genaral of India of the purpose of audit of accounts of Panchayath Raj Institutions.

In my opinion, the Financial Statements of Muthuvallur Grama Panchayath for the year 2017-18 except the observations in My audit report properly presents the picture of income and expenditure.

Deputy Director

Kerala State Audit Department